**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 719** **23-02-2022 - ൽ മറുപടിയ്ക്ക്**

**ആധാരങ്ങളുടെ ഫയലിംഗ് ഷീറ്റിന് ക്ഷാമം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അനൂപ് ജേക്കബ് | | Shri. V. N. Vasavan<br>(സഹകരണ- രജിസ്ട്രേഷൻ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് ആധാരങ്ങളുടെ ഫയലിംഗ് ഷീറ്റിന് ക്ഷാമം നേരിടുന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | ആധാരങ്ങളുടെ ശരിപ്പകർപ്പുകൾ തയ്യാറാക്കുന്നതിനുവേണ്ടി രജിസ്ട്രേഷൻ വകുപ്പിന്റെ ഉപയോഗത്തിനുവേണ്ടിയുള്ള ഫയലിംഗ് ഷീറ്റുകൾ അച്ചടിച്ച് വിതരണം ചെയ്യുന്നത് അച്ചടി വകുപ്പിന് കീഴിലുള്ള മണ്ണന്തല, കൊല്ലം, വാഴൂർ, കാക്കനാട്, ഷൊർണ്ണൂർ എന്നീ അഞ്ച് സർക്കാർ പ്രസ്സുകളിൽ നിന്നാണ്. ഫയലിംഗ് ഷീറ്റുകളുടെ വിതരണവുമായി ബന്ധപ്പെട്ട് മേൽ പ്രസ്സുകളുമായി ബന്ധപ്പെടുന്നതിനാൽ ഫയലിംഗ് ഷീറ്റുകളുടെ ക്ഷാമം മൂലം ഷീറ്റുകളുടെ വിതരണത്തിന് തടസ്സം നേരിടാൻ സാധ്യതയുള്ളത് മുൻകൂട്ടി മനസ്സിലാക്കാൻ സാധിച്ചിട്ടുണ്ട്. |
| (ബി) | ഫയലിംഗ് ഷീറ്റുകൾക്ക് ക്ഷാമം നേരിടുന്നതുമൂലം ആധാരങ്ങൾ രജിസ്റ്റർ ചെയ്യാൻ കഴിയാത്ത സാഹചര്യത്തിൽ ഇത് പരിഹരിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിരിക്കുന്നത്; വിശദമാക്കാമോ; | (ബി) | സ്റ്റേഷണറി വകുപ്പിൽ നിന്നും ഫയലിംഗ് ഷീറ്റുകളുടെ അച്ചടിക്കാവശ്യമായ മതിയായ അഷ്വാർലെയ്ഡ് ഷീറ്റുകൾ ലഭ്യമാകാത്തതാണ് അച്ചടി തടസ്സപ്പെടാൻ കാരണം. ഇപ്പോൾ സ്റ്റേഷണറി വകുപ്പിൽ നിന്നും മതിയായ അഷ്വാർലെയ്ഡ് ഷീറ്റുകൾ ഗവൺമെന്റ് പ്രസ്സുകൾക്ക് നൽകുകയും അച്ചടി നടപടികൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. നിലവിൽ സംസ്ഥാനത്തെ എല്ലാ ജില്ലകളിലും രജിസ്ട്രേഷൻ നടപടികൾക്കാവശ്യമായ ഫയലിംഗ് ഷീറ്റുകളുടെ വിതരണം നടന്നു വരുന്നു. |
| (സി) | യുണീക് തണ്ടപ്പേർ സംവിധാനം നിലവിൽ വരുന്ന സാഹചര്യത്തിൽ രജിസ്ട്രേഷൻ മേഖലയിൽ എന്തെല്ലാം മാറ്റങ്ങളാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്; വിശദമാക്കാമോ? | (സി) | ഇത് സംബന്ധിക്കുന്ന പ്രപ്പോസൽ ലഭിക്കുന്ന മുറയ്ക്ക് പരിശോധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ